Week -1 October 2015




# Weekly Thoughts of October-2015
# Ignoring the Elders - A Social Menace
## (മുതിർന്നവരെ മറക്കുക - ഒരു സാമൂഹ്യ വിപത്ത്)

---

(October- '1' 'ലോകവയോജനദിനം' ആകയാൽ മുതിർന്ന വരെ വണങ്ങിക്കൊണ്ട് ആരംഭം കുറിക്കട്ടെ.)

പണ്ടുപണ്ട് റുമേനിയയിൽ നടന്ന ഒരു സംഭവം വായിച്ചത് ഓർക്കുന്നു. അന്നത്തെ ചിലഭരണസാരഥികൾ രാജാവിനോടൊപ്പം

ചേർന്ന് അൻപത് വയസ്സിനുമുകളിലുള്ള എല്ലാ സ്ത്രീ പുരുഷൻമാരേയും കൊന്നു. ജോലി ചെയ്യുവാൻ കഴിവില്ലാത്തവരും , ബലഹീനരുമായ ഇവർ രോഗികളാകുകയും , രാജ്യത്തിന് നഷ്ടംവരുത്തുകയും ചെയ്യുമെന്ന് അവർ കണ്ടെത്തി. എന്നാൽ തന്റെ പിതാവിനെ വളരെ അധികം സ്നേഹിച്ച ഒരു ബാലൻ പിതാവിനെ ഒരു ഭൂഗർഭ അറയിലാക്കി നന്നായി കരുതി. കാർഷിക , വ്യാവസായിക മേഖലകളിൽ തക്ക ഉപദേശം നൽകുവാൻ മുതിർന്ന, പക്വതയുള്ളവർ ലഭ്യമല്ലാത്തതിന്റെ തകരാറുമൂലം ദേശം ക്ഷാമത്തിലേക്കു നീങ്ങി. ഭക്ഷണസാധനങ്ങളോ, വിത്തുവകകളോ ആരും ശേഖരിച്ചില്ല. ഗുഹയിലാണെങ്കിലും ഈ പ്രതിസന്ധിയെ തരണം ചെയ്യുവാൻ പിതാവ് ബാലന് നിർദ്ദേശം നൽകി. വീടിന്റെ മുൻവശം ഉഴുതതിനു ശേഷം മണ്ണ് നിരപ്പാക്കി ഇടുവാൻ ആവശ്യപ്പെട്ടു. ബാലന്റെ ഭാഗ്യത്തിന് ചെറിയ മഴയും ലഭിച്ചു. ക്രമേണ ബാർലി, ഗോതമ്പ്, ചോളം, പയർ ഇങ്ങനെ പലതും മുളച്ചുവന്നു. വിതയ്ക്കാതെ കൊയ്യുന്നവന്റെ വാർത്ത പടർന്നപ്പോൾ രാജാവ് തിരക്കി എത്തി. നിർബന്ധപൂർവ്വം ചോദിച്ച രാജാവിനോട് പ്രായമുള്ള സ്നേഹനിധിയായ തന്റെ പിതാവിനെപ്പറ്റി പറയേണ്ടതായി വന്നു. രാജകല്പനയാൽ പുറത്തു വന്ന പിതാവ് ഈ വിളവെടുപ്പിന്റെ രഹസ്യം വെളിപ്പെടുത്തി. വിളവെടുത്ത് ഫലവുമായി പോകുന്ന കൃഷിക്കാരിൽ നിന്ന് താഴെ വീണ വിത്തുകൾ ഉഴുതപ്പോൾ ആ പൊഴിയിലായി. ഭാഗ്യത്തിന് മഴലഭിച്ചതിനാൽ കിളിർക്കുകയും ചെയ്തു. പ്രായോഗികബുദ്ധി പ്രായമുള്ളവർക്കാണെന്ന് മനസ്സിലാക്കിയ രാജാവ് തെറ്റ്

തിരുത്തുകയും , മുതിർന്നവരെ കരുതുകയും ബഹുമാനിക്കുകയും ചെയ്തു.

“Aging is an inevitable process
Surely wouldn’t want to grow younger
The older you become, the more you know
Your Bank Account of knoledge is much richer”

By William Holder




പ്രായമാകുന്ന അവസ്ഥ ഒഴിവാക്കുവാൻ കഴിയാത്തതാണെന്ന് മനുഷ്യമനസ്സ് അംഗീകരിക്കുമ്പോൾ തന്നെ അവർ ഭയപ്പെടുകയും ചെയ്യുന്നു. ജോലിയിൽ നിന്ന് വിരമിക്കുമ്പോൾ തോന്നുന്ന നഷ്ടബോധം , ശാരീരികാസ്വാസ്ഥ്യം, പ്രീയപ്പെട്ടവരുടെ വേർപാട് ഇവ നിരാശരാക്കുന്നതോടൊപ്പം യുവതലമുറയുടെ അവഹേളനവും അവരെ വേദനിപ്പിക്കുന്നു. അമേരിക്കയിലും , ചൈനയിലും മുതിർന്നവരെ ബഹുമാനിക്കുമ്പോൾ വിദ്യാസമ്പന്നർ കൂടുതലുള്ള കേരളം മുതിർന്നവരെ അവഗണിക്കുന്നവരായി മാറിക്കഴിഞ്ഞു. എന്നാൽ മുതിർന്നവരെ ദൈവം സ്നേഹിക്കുന്നു.

## (1) God uses the Old - (മുതിർന്നവരെ ദൗത്യം എല്പിക്കുന്ന ദൈവം)

ഹാനോക്ക് ദൈവത്തോടുകൂടെ നടന്നത് അവന് നീതിയായി കണക്കിട്ട ദൈവം , തന്നോടൊപ്പം നടന്നവരെ പ്രത്യേക ദൗത്യങ്ങൾ ഏല്പിക്കുന്നു. എൺപതും , എൺപത്തിമൂന്നും വയസ്സുള്ള മോശയേയും, അഹരോനെയുമാണ് മിസ്രേമിൽ നിന്ന് തന്റെ ജനത്തെ വിളിച്ച് കനാനിലേക്ക് നയിക്കുവാൻ ദൈവം ഏല്പിച്ചത്. തുടർന്ന് 110 വയസ്സുവരെ യോശുവ പ്രവർത്തിച്ചു.

## (2) മുതിർന്നവരുടെ പ്രാർത്ഥന സഭയ്ക്ക് ആവശ്യമാണ്

സഭാവാസികൾക്ക് ഇത് അനുഗ്രഹമാണ്. പരിശുദ്ധാത്മ നിയോഗത്താൽ എത്തിയ ശിമ്യോനും , ഹന്നായും ദേവാലയത്തിലെത്തിയ യേശുക്കുഞ്ഞിനേയും മാതാപിതാക്കളേയും അനുഗ്രഹിച്ചു.

## (3) Respect your elders. (മുതിർന്നവരെ ബഹുമാനിക്കുക)

വൃദ്ധന്റെ മുഖത്തെ ബഹുമാനിക്കണമെന്ന് വചനം നിർദ്ദേശിക്കുന്നു. (ലേവ്യ:19:32). വിളിയില്ലാഞ്ഞിട്ടും തന്നെ കൂടെകൂട്ടിയ അബ്രാമിനെ , നീരോട്ടമുള്ള സ്ഥലം കണ്ടപ്പോൾ ലോത്ത് മറന്നു.

## (4) എത്ര വർഷം ദൈവത്തോടൊപ്പം നടന്നോ അത്രയും അനുഗ്രഹം

വൃദ്ധൻമാരുടെ പക്കലെ ജ്ഞാനവും , വയോധികൻമാരുടെ വിവേകവും ദൈവത്തോടൊപ്പം നടന്നാൽ വർദ്ധിക്കും.

(5) **ദൈവത്തിനു വേണ്ടി ഫലം പുറപ്പെടുവിക്കുക**

കഴിയില്ല എന്ന ചിന്ത ഒഴിവാക്കി ധൈര്യത്തോടെ പ്രവർത്തിക്കുക. ദൈവം മുതിർന്നവർക്കായി ഒരുക്കിയ കിരീടം നേടുക. സദൃ: (16:31)(20:29)

(6) **ദൈവത്തെ ബഹുമാനിക്കുന്നവരെ ദൈവം ബഹുമാനിക്കും.**

വാർദ്ധക്യത്തിലും ഫലം കായിക്കുക. ഫലം തരുന്നവനെ ബഹുമാനിക്കുക.

(7) **മുതിർന്നവരെ എങ്ങനെ ബഹുമാനിക്കും**

a. സന്തോഷത്തോടെ സന്ദർശിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുക.

b.നമ്മെ അനുഗ്രഹിക്കുന്ന ഇവരെ ശ്രദ്ധിക്കണം.

c.മുതിർന്നവരുടെ ക്ഷമയുള്ള നല്ല സുഹൃത്തുക്കൾ ആകുക.

ഇപ്രകാരം കരുതുകയും അവരിൽ നിന്ന് അനുഗ്രഹം നേടുവാനും ദൈവം സഹായിക്കട്ടെ. ഇവർ 'Use and throw'വസ്തുക്കൾ അല്ല, അനുഗ്രഹിക്കേണ്ടവരാണെന്ന് മറക്കരുത്.

# പ്രാർത്ഥന

പ്രീയ യേശുവേ! മറ്റുള്ളവരെ സ്നേഹിപ്പാനും , കരുതുവാനും പഠിപ്പിച്ചതിനു നന്ദി. മുതിർന്നവരെ നിരാശരാക്കാതെ കരുതുവാൻ കൃപ ചെയ്യേണമേ

ആമേൻ

**Santhamma Varghese**


Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind